## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5338 01.07.2019-ലെ മറുപടിക്ക്**

## 2018-19 സാമ്പത്തിക വർഷത്തിലെ ട്രഷറി നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.ജോസഫ് | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായ സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ ട്രഷറി നിയന്ത്രണം കൊണ്ടു വന്നിരുന്നോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും 2018-19 സാമ്പത്തിക വർഷാവസാന മാസങ്ങളിൽ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് പ്രസ്തുത കാലത്ത് ട്രഷറി പേയ്മെന്റുകളിൽ ഏർപ്പെടുത്തിയിരുന്നത്; | |
| (സി) | ട്രഷറി ക്യൂ സിസ്റ്റത്തിലേക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് മാറ്റിയത്; പ്ലാൻ ഫണ്ട്/നോൺ പ്ലാൻ ഫണ്ട് ഇനം തിരിച്ച് നൽകുമോ; | 2018-19 സാമ്പത്തിക വർഷം 1863.76 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂ സിസ്റ്റത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനം | എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | സർക്കാർ വകുപ്പുകളുടെ ബില്ലുകൾ (പ്ലാൻ) | 24487 | 1592.03 |
| 2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ (നോൺ പ്ലാൻ) | 25750 | 271.73 |
| | **ആകെ** | **50237** | **1863.76** |

| | ചോദ്യം | മറുപടി |
|---|---|---|
| (ഡി) | ഇ-ലാംസിലേക്ക് എത്ര കോടി രൂപയുടെ ബില്ലുകളാണ് മാറ്റിയത്? | 2018-19 സാമ്പത്തിക വർഷം ഇ-ലാംസിലേയ്ക്ക് 994.60 കോടി രൂപയുടെ ബില്ലുകളാണ് മാറ്റിയത്. |

**സെക്ഷൻ ഓഫീസർ**